# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.688 — 05/06/2018-ൽ മറുപടിക്ക്

### സംസ്ഥാനത്തിന് ആവശ്യമുള്ള വൈദ്യുതി

| | ചോദ്യം<br>**ശ്രീ.വി.ഡി.സതീശൻ** | | ഉത്തരം<br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്തിന് ആവശ്യമുള്ള വൈദ്യുതിയുടെ 18 ശതമാനം മാത്ര മാണ് ഉല്പാദിപ്പിക്കുന്നത് എന്ന സാഹചര്യത്തിൽ വൈദ്യുതി എവിടെ നിന്നുമാണ് ബോർഡ് വാങ്ങുന്ന തെന്ന് വ്യക്തമാക്കുമോ; | (എ) | 2017-18-ൽ സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകതയുടെ ഏകദേശം 24.45% ആണ് സംസ്ഥാനത്തിനുള്ളിൽ ഉല്പാദിപ്പിച്ചത്. സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന വൈദ്യുതിക്ക് പുറമേ സംസ്ഥാനത്തിന് പുറത്തുള്ള കേന്ദ്ര നിലയങ്ങളിൽ നിന്നും പൊതു സ്വകാര്യ താപനിലയങ്ങളിൽ നിന്നും പവർ എക്സ്ചേഞ്ചുകളിൽ നിന്നും വൈദ്യുതി ലഭ്യമാക്കിയാണ് കേരളത്തിന്റെ വൈദ്യുതി ആവശ്യകത നിറവേറ്റുന്നത്. സംസ്ഥാനത്തിനു പുറത്തു നിന്നും ദീർഘകാല കരാറുകളുടെ അടിസ്ഥാനത്തിൽ വാങ്ങുന്ന വൈദ്യുതികളുടെ വിവരം അനുബന്ധം (1 & 2) ആയി ചേർത്തിരിക്കുന്നു. |
| (ബി) | മുൻ സർക്കാരിന്റെ കാലത്ത് വൈദ്യുതി വാങ്ങുന്നതിന് ഏർപ്പെട്ട ദീർഘകാല കരാർ വൈദ്യുതി കമ്മി പരിഹരിക്കുന്നതിന് എത്രമാത്രം സഹായകമായി എന്ന് വ്യക്തമാക്കുമോ; | (ബി) | മുൻ സർക്കാരിന്റെ കാലത്ത് ഏർപ്പെട്ട ദീർഘകാല കരാറുകൾ പ്രകാരം 2017-18-ലെ ആകെ വൈദ്യുതി ആവശ്യകതയുടെ ഏകദേശം 25.6% ലഭ്യമായിട്ടുണ്ട്. |
| (സി) | ഈ വർഷം പുറത്ത് നിന്നുള്ള വൈദ്യുതിയുടെ ലഭ്യതയിൽ കുറവുണ്ടായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കുറവ് നികത്തുന്നതിന് കായംകുളം താപ വൈദ്യുതി നിലയത്തിൽ നിന്നും വൈദ്യുതി വാങ്ങിയിരുന്നോ; എങ്കിൽ അതിന്റെ വിശദാംശവും വിലയും വ്യക്തമാക്കുമോ; | (സി) | 2018 ജനുവരി മുതലുള്ള കാലയളവിൽ പുറത്തു നിന്നും വാങ്ങുന്ന വൈദ്യുതി, കൽക്കരിയുടെ ലഭ്യത കുറവ് മൂലവും, വൈദ്യുതി ഉല്പാദകരുടെ യന്ത്രതകരാറുകൾ മൂലവും താൽക്കാലികമായി ചില ദിവസങ്ങളിൽ തടസ്സപ്പെട്ടിട്ടുണ്ട്. പ്രസ്തുത കുറവ് നികത്തുന്നതിനായി ഈ കാലയളവിൽ കായംകുളം താപ വൈദ്യുതി നിലയം പ്രവർത്തിപ്പിച്ചിട്ടില്ല. |
| (ഡി) | കെ.എസ്.ഇ.ബി.യുടെ അധീനതയിൽ നിർമ്മാണം നടന്നുവരുന്ന ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; | (ഡി) | നിർമ്മാണത്തിലിരിക്കുന്ന ജല വൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുക എന്ന ലക്ഷ്യം മുൻനിർത്തി പദ്ധതികളുടെ നിർമ്മാണ പുരോഗതി സമയാസമയങ്ങളിൽ വിലയിരുത്തി തടസ്സങ്ങൾ നേരിട്ടുവെങ്കിൽ അവ പരിഹരിക്കുന്നതിനായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ ഒരു പ്രോജക്ട് മോണിറ്ററിംഗ് കമ്മറ്റി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | ഈ കമ്മിറ്റി ചുരുങ്ങിയത് രണ്ട് മാസം കൂടു മ്പോൾ പദ്ധതിയുടെ പുരോഗതി വിലയി രുത്താറുണ്ട്. കൂടാതെ പദ്ധതികളുടെ നിർ മ്മാണ പുരോഗതി ബഹുമാനപ്പെട്ട ഊർജ്ജ വകുപ്പ് മന്ത്രി മുതൽ വിവിധ തലങ്ങളിൽ അവലോകനം ചെയ്യുന്നുണ്ട്. ഇതിന് പുറമേ പദ്ധതികളുടെ നിർമ്മാണ പുരോഗതി ഓരോ ആഴ്ചയിലും അവലോകനം നടത്തി വിലയിരു ത്തുന്നതിനായി 11.12.2017-ൽ ഒരു പ്രോജക്റ്റ് മോണിറ്ററിംഗ് സെല്ലും രൂപീകരിച്ച് പ്രവർ ത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ഇ) | എനർജി മാനേജ്മെന്റ് സെന്ററിന്റെ അധീനതയിലുള്ള ജലവൈദ്യുത പദ്ധതികൾ പൂർത്തിയായിട്ടുണ്ടോ; എത്ര മെഗാവാട്ട് വൈദ്യുതിയാണ് പ്രസ്തുത പദ്ധതികളിൽ നിന്നും ലഭിക്കുന്നത്? | (ഇ) | എനർജി മാനേജ്മെന്റ് സെന്ററിന്റെ അധീനതയിൽ സ്വകാര്യമേഖലയ്ക്ക് അനുവദിച്ച പദ്ധതികളിൽ ഇരുട്ടുകാനം ഒന്നും രണ്ടും ഘട്ടങ്ങൾ, അല്ലുങ്കൽ, കാരിയ്ക്കയം പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങൾ, പാതംകയം എന്നീ ചെറുകിട ജലവൈദ്യുത പദ്ധതികൾ പൂർത്തീകരിച്ച് കെ.എസ്.ഇ.ബി യ്ക്ക് വൈദ്യുതി നൽകി വരുന്നു. ഈ പദ്ധതികളുടെ ആകെ സ്ഥാപിതശേഷി 34.5 MW ആണ്. 8MW ന്റെ ആനക്കാംപോയിൽ 4.5 MW ന്റെ അരിപ്പാറ എന്നീ പദ്ധതികളുടെ പണികൾ ഏതാണ്ട് 80% പൂർത്തിയായി.<br>ഇതുകൂടാതെ 1kW മുതൽ 5kW വരെ ശേഷിയുള്ള 110 പീക്കോ ജലവൈദ്യുത ടർബയിനുകൾ കേന്ദ്ര സർക്കാരിന്റെ സാമ്പ ത്തിക സഹായത്തോടെ നടപ്പിലാക്കിയിട്ടുണ്ട്. 20kW ശേഷിയുള്ള വോർട്ടക്സ് ടർബയിനു കളുപയോഗിച്ചുകൊണ്ടുള്ള ആദ്യ പദ്ധതി തിരുവനന്തപുരം നഗരത്തിനുള്ളിൽ കിള്ളിയാ റിൽ പൂർത്തീകരിച്ചു വരുന്നു. എനർജി മാനേജ്മെന്റ് സെന്ററിന്റെ സഹകരണ ത്തോടെ 110 kW ന്റെ മാങ്കുളം (മാങ്കുളം ഗ്രാമപഞ്ചായത്ത്) 50 kW ന്റെ കല്ലാർ മൈക്രോ ജലവൈദ്യുത പദ്ധതികൾ (ഇടുക്കി ജില്ലാപഞ്ചായത്ത്) എന്നിവ കെ.എസ്.ഇ.ബി യുടെ ഗ്രിഡുമായി സിംക്രണൈസ് ചെയ്ത് വൈദ്യുതി നൽകുന്നു. കൂടാതെ രണ്ട് മൈക്രോ ഗ്രിഡ് പദ്ധതികളും (1) 3kW ന്റെ തായന്നൻകുടി (ചിന്നാർ വന്യമൃഗ സങ്കേതത്തിനകത്ത്), (2) 4kW ന്റെ ഈച്ചാംപെട്ടി (മറയൂർ വനപ്രദേശത്ത്) പദ്ധതികളും പൂർത്തീകരിച്ചു. ആകെ മൈക്രോ ജല പദ്ധതികളിൽക്കൂടിയുള്ള സ്ഥാപിതശേഷി 300 kW ആണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം I

അനുബന്ധം - I

കേന്ദ്ര വൈദ്യുത നിലയങ്ങൾ

കേരളത്തിന് പുറത്ത് നിന്നും വാങ്ങുന്ന ദീർഘകാല വൈദ്യുതിയുടെ വിശദവിവരം

**I. സെൻട്രൽ ജനറേറ്റിംഗ് സ്റ്റേഷൻസ്**

| ക്രമ നമ്പർ | വൈദ്യുതി നിലയത്തിന്റെ പേര് | സംസ്ഥാനം | കെ.എസ്.ഇ.ബി.എൽ.-ന്റെ വിഹിതം |
|---|---|---|---|
| 1 | രാമഗുണ്ടം സൂപ്പർ തെർമൽ പവർ സ്റ്റേഷൻ (ആർ.എസ്.ടി.പി.എസ്) I & II | തെലുങ്കാന | 224.93 |
| 2 | രാമഗുണ്ടം സൂപ്പർ തെർമൽ പവർ സ്റ്റേഷൻ III | തെലുങ്കാന | 61.01 |
| 3 | തൽച്ചർ സ്റ്റേജ് - II ഘട്ടം - I | ഒഡീഷ | 427 |
| 4 | സിംഹാദ്രി തെർമൽ പവർ സ്റ്റേഷൻ സ്റ്റേജ് - II | ആന്ധ്രാ പ്രദേശ് | 84.37 |
| 5 | നെയ്‌വേലി ലിഗ്നൈറ്റ് കോർപ്പറേഷൻ (എൻ.എൽ.സി) സ്റ്റേജ് - I | തമിഴ്നാട് | 63 |
| 6 | നെയ്‌വേലി ലിഗ്നൈറ്റ് കോർപ്പറേഷൻ (എൻ.എൽ.സി) സ്റ്റേജ് - II | തമിഴ്നാട് | 89.964 |
| 7 | നെയ്‌വേലി ലിഗ്നൈറ്റ് കോർപ്പറേഷൻ (എൻ.എൽ.സി) സ്റ്റേജ് - I എക്സ്പാൻഷൻ | തമിഴ്നാട് | 67.7 |
| | നെയ്‌വേലി ലിഗ്നൈറ്റ് കോർപ്പറേഷൻ (എൻ.എൽ.സി) സ്റ്റേജ് - II എക്സ്പാൻഷൻ | തമിഴ്നാട് | 80.6 |
| 9 | എൻ.ടി.പി.സി. തമിഴ്നാട് എനർജി കമ്പനി ലിമിറ്റഡ് (എൻ.ടി.ഇ.സി.എൽ.) വല്ലൂർ | തമിഴ്നാട് | 49.98 |
| 10 | മദ്രാസ് അറ്റോമിക് പവർ സ്റ്റേഷൻ (എം.എ.പി.എസ്.) | തമിഴ്നാട് | 23 012 |
| 11 | കൈഗ അറ്റോമിക് പവർ സ്റ്റേഷൻ (കെ.എ.പി.എസ്.) | കർണ്ണാടക | 73.01 |
| 12 | കൂടംകുളം ന്യൂക്ലിയർ പവർ സ്റ്റേഷൻ (കെ.കെ.എൻ.പി.) യൂണിറ്റ് 1 & 2 | തമിഴ്നാട് | 272.7 |
| 13 | എൻ.എൽ.സി. തമിഴ്നാട് പവർ ലിമിറ്റഡ് (എൻ.ടി.പി.ൽ), തൂത്തുക്കുടി | തമിഴ്നാട് | 72.5 |
| 14 | കുഡ്ഗി തെർമൽ പവർ പ്ലാൻറ് | കർണ്ണാടക | 73.33 |
| | ആകെ | | **1683.10** |

സെക്ഷൻ ഓഫീസർ

അനുബന്ധം 2

## അനുബന്ധം - 2 സ്വകാര്യ സംരംഭകരിൽ നിന്നും വാങ്ങുന്ന വൈദ്യുതി

| ക്രമ നമ്പർ | വൈദ്യുതി നിലയത്തിന്റെ പേര് | സംസ്ഥാനം | കെ.എസ്.ഇ.ബി.എൽ.-ന്റെ വിഹിതം | കരാർ തുടങ്ങുന്ന തീയതി | കരാർ അവസാനിക്കുന്ന തീയതി |
|---|---|---|---|---|---|
| 1 | മൈത്തോൺ പവർ ലിമിറ്റഡ് - I | ജാർഖണ്ഡ് | 150 | 30/12/2013 | 23/07/2042 |
| 2 | മൈത്തോൺ പവർ ലിമിറ്റഡ് - II | ജാർഖണ്ഡ് | 150 | 29/06/2015 | |
| 3 | ദാമോദർവാലി കോർപ്പറേഷൻ (ഡിവിസി) – മെജിയ | വെസ്റ്റ് ബംഗാൾ | 100 | 24/04/2014 | 03/03/2041 |
| 4 | ദാമോദർവാലി കോർപ്പറേഷൻ (ഡിവിസി) – രഘുനാഥ്പൂർ | വെസ്റ്റ് ബംഗാൾ | 50 | 24/04/2014 | 01/05/2041 |
| 5 | ജിൻഡൽ പവർ ലിമിറ്റഡ് | ഛത്തീസ്ഗഡ് | 200 | 01/12/2016 | 30/11/2040 |
| 6 | ഝാബുവ പവർ ലിമിറ്റഡ് | മധ്യപ്രദേശ് | 115 | 01/12/2016 | 30/12/2040 |
| 7 | ബാൽകോ | ഛത്തീസ്ഗഡ് | 100 | 01/10/2017 | 30/09/2040 |
| 8 | ജിൻഡൽ പവർ ലിമിറ്റഡ് | ഛത്തീസ്ഗഡ് | 150 | 01/10/2017 | 30/09/2040 |
| 9 | ഝാബുവ പവർ ലിമിറ്റഡ് | മധ്യപ്രദേശ് | 100 | 01/10/2017 | 30/09/2040 |
| 10 | ജിൻഡൽ ഇന്ത്യ തെർമൽ പവർ ലിമിറ്റഡ് | ഒഡീഷ | 100 | 01/10/2017 | 30/09/2040 |
| | ആകെ | | **1215** | | |